പൊതുമരാമത്തു വകുപ്പ് ആ മരം കൊണ്ട് നിർമ്മിച്ച പാലം മാറ്റി കോൺക്രീറ്റ് പാലം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചതായി ഞാൻ മനസ്സിലാക്കുന്നു. അതിന് ടെൻഡർ വിളിച്ചതായും മനസ്സിലാകുന്നു. പക്ഷെ ടെൻഡർ വിളിച്ചുവെങ്കിലും ഇന്നുവരെ യാതൊരു നടപടിയും അതിനുവേണ്ടി സ്വീകരിച്ചു കാണുന്നില്ല. വളരെ പരിതാപകരമായ സ്ഥിതിവിശേഷമാണ് അവിടെ നിലനിൽക്കുന്നത്. അടിയന്തിരമായി ഈ മരപ്പാലത്തിന്റെ കേടുപാട് തീർത്ത് ബസ് ഗതാഗതം പുനരാരംഭിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം കോൺക്രീറ്റ് പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഉണ്ടാകണമെന്നു അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച വൈക്കം നിയോജകമണ്ഡലത്തിലെ മറവന്തുരുത്ത് പഞ്ചായത്തിൽപ്പെട്ട കോൺക്രീറ്റ് പാലം പണിയുന്നതിനുവേണ്ടി 36 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയത് 1991-ലാണ്. പാലത്തിന്റെ ജനറൽ ഡിസൈനും വിശദമായ ഡിസൈനും അംഗീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായി വരുന്നു. ഇപ്പോഴത്തെ നിരക്കനുസരിച്ച് ഏതാണ്ട് അമ്പതുലക്ഷം രൂപയ്ക്കുമേൽ ചെലവു വരും. പുതുക്കിയ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകി പാലത്തിന്റെ പണി എത്രയും വേഗം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(8) ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക്

ശ്രീ. കെ. മുഹമ്മദാലി: സർ, ദേശീയപാത 47-ലെ ആലുവ ടൗണിൽ സ്ഥിതി ചെയ്യുന്ന മാർത്താണ്ഡവർമ്മ പാലത്തിൽക്കൂടിയുള്ള യാത്ര വളരെ ദുസ്സഹമായിരിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും തിരക്കുള്ള ഒരു മേഖലയാണ് ഇടപ്പള്ളി മുതൽ അങ്കമാലി വരെയുള്ള പ്രദേശങ്ങൾ. ഈ പാലത്തിന്റെ ശോചനീയാവസ്ഥ കൊണ്ടുള്ള ട്രാഫിക് കുരുക്കുമൂലം ഏകദേശം കളമശ്ശേരിവരെ ട്രാഫിക് തടസ്സം സ്ഥിരമായി ഉണ്ടാകുന്നു. ഇതുമൂലം ആലുവ ടൗണിലെ സാധാരണ ജനജീവിതംപോലും പലപ്പോഴും പ്രയാസത്തിലാകാറുണ്ട്. അവിടെ ഇപ്പോൾ നാലുനിര റോഡിന്റെ പ്രവൃത്തി നടന്നുവരുന്നു. ഈ നാലുനിര റോഡിന്റെ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി വളരെയേറെ പ്രയാസകരമായിട്ടുള്ള ഒരു സ്ഥിതിവിശേഷം അവിടെ ഉണ്ടാകും. അതുകൊണ്ട് അടിയന്തിരമായി മാർത്താണ്ഡവർമ്മ പാലത്തിനു സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാജു: സർ, നാഷണൽ ഹൈവേ 47-ലെ ആലുവ-മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക് ഇന്ന് വളരെ രൂക്ഷമായിരിക്കുകയാണ്. കേരളത്തിലെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന ഒരു പ്രശ്നമായി നാഷണൽ ഹൈവേ 47-ലെ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക് മാറിക്കഴിഞ്ഞിരിക്കുകയാണ്. അവിടെ ഇപ്പോൾ നാലുനിര

LIBRARY ARCHIVES Kerala Legislative Assembly

റോഡ് പൂർത്തീകരിക്കാൻ പോകുകയാണ്. ഈ നാലുനിര റോഡ് പൂർത്തിയാകുന്നതോടുകൂടി മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗത കുരുക്ക് ശാശ്വതിപ്പെടാൻ പോകുകയാണ്. അതുകൊണ്ട് മാർത്താണ്ഡ വർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക് മാറുന്നതിനുവേണ്ടി നാലുനിര റോഡ് പൂർത്തീകരിച്ച് പാലം പണിയുന്നതിന് കാത്തുനിൽക്കാതെ പട്ടാളത്തിന്റെ സേവനമെങ്കിലും ആവശ്യപ്പെട്ട് ഇതിന് സമാന്തരമായ ഒരു പാലം പണിയണം. ഇല്ലെങ്കിൽ ഇത് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടാകും. എന്റെ നിയോജകമണ്ഡലമായ പറവൂരിൽ ഒന്നരണ്ട് ദിവസം മുമ്പുണ്ടായ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാം. അവിടെ ഒരു ഹൃദ്രോഗിക്ക് ഹാർട്ട് അറാക്ക് ഉണ്ടായി, ആ രോഗിയെ കൊണ്ടുവന്നപ്പോൾ മാർത്താണ്ഡവർമ്മ പാലത്തിന് മുമ്പിലുള്ള ക്യൂവിൽ ആ വാഹനത്തിന് 15 മിനിട്ടു കിടക്കേണ്ടിവന്നതുകൊണ്ടാണ് വഴിക്കുവച്ച് ആയാൾ മരണപ്പെട്ടത്. ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. 1940-ലാണ് ഈ പാലം മാർത്താണ്ഡവർമ്മ ഇളയ മഹാരാജാവ് ഉൽഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചത്. അതായത് 55 വർഷക്കാലം കഴിഞ്ഞു. 55 വർഷത്തിനു മുമ്പ് മാർത്താണ്ഡവർമ്മ പാലം വലിയ ഒരു പാല മായിരുന്നു. അന്ന് പ്രസ്തുത പാലത്തിൽക്കൂടി ഗതാഗതം അത്ര ഗൗരവമായിട്ട് ഉണ്ടായിരുന്നില്ല. ഇന്ന് കേരളത്തിലെ തെക്കേ അറ്റം മുതൽ വടക്കേ അറ്റംവരെയുള്ള ആളുകൾക്ക് മുഴുവൻ സഞ്ചരിക്കാനുള്ള ദേശീയ പാത എന്നുള്ള നിലയിൽ ഇത് ഗൗരവപൂർവ്വം കണക്കിലെടുക്കണം. ഇവിടെ പുതിയ പാലം പണിയുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാ നത്തിൽ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

മി. സ്പീക്കർ: ഇത് പറവൂർ മെമ്പർക്കും ആലുവ മെമ്പർക്കും മാത്രമല്ല, എനിക്കും ബഹുമാനപ്പെട്ട മന്ത്രിക്കുമൊക്കെയുള്ള പ്രശ്നമാണ്.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ബഹുമാനപ്പെട്ട കെ. മുഹമ്മദാലിയും അതുപോലെ ശ്രീ. പി. രാജുവും ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റ് വളരെ സജീവമായി പരിഗണിച്ചു വരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആലുവ മുതൽ ചേർത്തലവരെ നാലുവരി റോഡിന്റെ പ്രവൃത്തി വേഗതയിലാണ് ഇപ്പോൾ നടന്നുവരുന്നത്. ഗവൺമെന്റ് അത് വളരെ ഗൗരവത്തിൽതന്നെ കണക്കിലെടുത്തിട്ടുണ്ട്. ഇത് എല്ലാവർക്കും ആവശ്യമാണ് എന്ന നിലയിൽതന്നെ ഈ കാര്യം പരിഹരിക്കുന്നതിന് ഗവൺമെന്റ് ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിച്ച ദേശീയപാത 47-ൽ വരുന്ന ആലുവ-മാർത്താണ്ഡവർമ്മ പാലത്തിൽ അനുഭവപ്പെട്ടുവരുന്ന ഗതാഗത കുരുക്ക് ഒഴിവാക്കാൻ ഒരു സമാന്തര പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സജീവ പരിഗണന യിലാണ്. ഇൻവെസ്റ്റിഗേഷനും എസ്റ്റിമേറ്റും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കാൻ തയ്യാറാക്കിയിട്ടുണ്ട്. അത അടിയന്തിരമായി കേന്ദ്ര സർക്കാരിനു അയയ്ക്കുന്നതാണ്. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ റോഡ്സ് വിഭാഗം ഡയറക്ടർ ജനറലിന്റെ സംസ്ഥാന സന്ദർശനവേളയിൽ ഈ പ്രശ്നം അദ്ദേഹ ത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഒരു പുതിയ പാലം പണി യേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന കാര്യവും ചൂണ്ടിക്കാണിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly